**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4934** **20-07-2022 - ൽ മറുപടിയ്ക്ക്**

**നീന്തൽ അറിയുന്നവർക്ക് ബോണസ് പോയിന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്ലസ് വൺ പ്രവേശനത്തിന് നീന്തൽ അറിയാമെന്ന സർട്ടിഫിക്കറ്റുള്ളവർക്ക് ബോണസ് പോയിന്റ് നൽകുന്ന സംവിധാനം തുടരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;; | (എ) | ഇല്ല. 07.07.2022 ലെ സർക്കാർ ഉത്തരവ് (സാധാ) നം.3977/2022/ പൊവിവ, 3978/2022/ പൊവിവ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം, 2022-23 അധ്യയന വർഷം പ്ലസ് വൺ പ്രവേശനത്തിന് നീന്തൽ അറിവിന് നൽകി വന്നിരുന്ന ബോണസ് പോയിന്റ് ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | നീന്തൽ അറിയാമെന്ന സർട്ടിഫിക്കറ്റ് നൽകുന്നതിന് കായിക വകുപ്പിനെയോ, ജില്ലാ സ്പോർട്സ് കൗൺസിലിനെയോ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഇല്ല. |
| (സി) | വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയോടു കൂടിയാണോ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ വിദ്യാർത്ഥികൾക്കായി നീന്തൽ ട്രയൽ സംഘടിപ്പിച്ചതെന്ന് വ്യക്തമാക്കാമോ; വകുപ്പ് അനുമതി നൽകിയിട്ടില്ലായെങ്കിൽ പ്രസ്തുത നീന്തൽ ട്രയൽ സംഘടിപ്പിച്ചവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | അല്ല. നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ